സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ വേതനം

45(743) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും തൊഴിലുകേഷനവും തൊഴിലാളി വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾ, സ്റ്റാർ ഹോട്ടലുകൾ തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഖ്യം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനും, വർദ്ധിപ്പിച്ച വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ സ്വകാര്യ മേഖലയിലെ ചൂഷണം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സ്വകാര്യ മേഖലയിലെ ആശുപത്രികളിലെ ജീവനക്കാർക്ക് 5-11-2013-ലെ സ.ഉ.(കൈ)\ നമ്പർ 135/13/തൊഴിൽ പ്രകാരവും സ്റ്റാർ ഹോട്ടലുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 13-12-2011-ലെ സ.ഉ.(അച്ചടി) നമ്പർ 180/11/തൊഴിൽ ഉത്തരവ് പ്രകാരവും മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയത് പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി മിനിമം വേതനമുൾപ്പെടെ വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ വിവിധ തൊഴിൽ രംഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്കുവഴി നൽകുന്നതിനുള്ള "വേതന സുരക്ഷാ പദ്ധതി" തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിക്കഴിഞ്ഞു. മറ്റുള്ള ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തൊഴിൽ വകുപ്പിൽ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തി സർക്കാർ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ സ്വകാര്യ മേഖലയിലെ ചൂഷണം സംബന്ധിച്ച് ലഭിച്ച പരാതികളുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്. സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥിരം പരിശോധനകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധയിൽപ്പെടുന്ന നിയമലംഘനങ്ങളുടെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സ്വാമ്പ മാനേജ്മെന്റുകൾക്കെതിരെ ക്രെയിം പെറ്റിഷനുകളും പ്രോസിക്യൂഷനും ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. 2014-15 കാലയളവിൽ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ നടത്തിയ പരിശോധനയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

പൊന്നാനി മാതൃശിശു സ്പെഷ്യലിസ്റ്റ് ആശുപത്രിയിലെ തസ്തികകൾ

46(744) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ പണി പൂർത്തിയായ മാതൃശിശു സ്പെഷ്യലിസ്റ്റ് ആശുപത്രിയിലേയ്ക്ക് ഡോക്ടർമാരെയും, മറ്റു ജീവനക്കാരെയും നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എത്ര തസ്തികകളാണ് ഇവിടേയ്ക്ക് അനുവദിക്കേണ്ടതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കുമോ ;

(സി) തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ജീവനക്കാരെ നിയമിച്ച് ആശുപത്രി എന്നേയ്ക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊന്നാനിയിൽ പണിപൂർത്തിയായ മാതൃശിശു സ്പെഷ്യലിസ്റ്റ് ആശുപത്രിയിലേക്ക് ഡോക്ടർമാരേയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നത് സംബന്ധിച്ച ഫയൽ (2022/എം 1/16/ആ.കു.വ.) പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്. നൂറ്റിപ്പതിമൂന്ന് (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു).*

(സി) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചതിനുശേഷം ഔഷധ സാമഗ്രികളും ലഭ്യമാക്കി ആശുപത്രിയുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly